


മിഷവും സടകുടഞ്ഞു ചാടിവീഴാവുന്ന സമരമുഖം തന്നെയാണ് ലാലൂർ എന്നതിന് തർക്കമില്ല. കാരണം കാലങ്ങളായി നീണ്ടുനിൽക്കുന്ന ലാലൂർ സമര ചരിത്രത്തിൽ ഇത്തരം നിശബ്ദത മുമ്പും സമരങ്ങളുടെ ഇടവേളപോലെ വന്നുപെട്ടിരുന്നു. വീണ്ടും വീണ്ടും അധികൃതരും നീതിപീഠവുമൊക്കെ സമരത്തെ ഒറ്റിക്കൊടുത്തപ്പോൾ പൂർവ്വാധികം ശക്തിയോടെ സമരത്തിലേക്ക് ചാടിവീണത് ലാലൂരിന് പുത്തരിയല്ല. സർക്കാരും അധികാരികളും വീണ്ടും വഞ്ചന പയറ്റിയാൽ അനിശ്ചിതമായ സമരത്തിലേക്ക് ലാലൂർ വരുമെന്ന് ഉറപ്പാണ്.

ലാലൂർ കേരളത്തിലെ ഒരു പ്രതീകം മാത്രമാണ്. ഉച്ചത്തിലുള്ള ശബ്ദം കേൾപ്പിക്കുന്നതുകൊണ്ടാണ് ഇത്രമാത്രം ചർച്ചയാകുന്നതെന്നുമാത്രം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയിൽ തുടങ്ങി ഗ്രാമപഞ്ചായത്തുകളിൽ വരെ കേരളത്തിൽ ഇത്തരത്തിൽ നൂറുകണക്കിന് ലാലൂരുകളുണ്ട്. അതിൽ പലതും പല ഘട്ടങ്ങളിലും സംസ്ഥാനാടിസ്ഥാനത്തിൽ ചർച്ച ചെയ്യുന്നതുമാണ്. ഒട്ടേറെ സമാനതകൾ ഇത്തരം മാലിന്യപ്രശ്നങ്ങൾക്കുണ്ടുതാനും. അതിനാൽതന്നെ ലാലൂരിലെ ജനതയുടെ ജീവിക്കാനുള്ള അവകാശത്തിൻമേലുള്ള സമരം എന്നതിലുപരി കേരള ജനതയുടെ മൊത്തം ജീവിതചര്യയുടെ പരിവർത്തനം ആവശ്യപ്പെടുന്ന സമരം കൂടിയാണിത്. തങ്ങൾ ഉപയോഗിച്ചും ഭക്ഷിച്ചും പുറത്തേക്ക് തള്ളുന്ന മാലിന്യം എങ്ങിനെ സംസ്ക്കരിക്കുമെന്ന ശാസ്ത്രീയമായ പരിഹാരം കാണാനുള്ള സമരം കൂടിയാണ് ലാലൂർ. സമൂഹത്തിലെ ഓരോ വ്യക്തിയും മാലിന്യ സംസ്ക്കരണത്തിനായി പാലിക്കേണ്ട ധാർമ്മികമായ ബാധ്യത നിറവേറ്റാത്തതിന്റെകൂടി പ്രതിഫലനമാണ് ലാലൂർ രൂപം കൊള്ളുന്നത്. നഗരത്തിലെയും മുനിസിപ്പാലിറ്റിയിലെയും മറ്റും മൊത്തം മാലിന്യം ഏറ്റുവാങ്ങാൻ ജനവാസനിബിഡമായ കേരളത്തിൽ പ്രത്യേക സ്ഥലം(സോൺ) കണ്ടെത്തുക ഇന്ന് ഏറെ ദുഷ്ക്കരമാണ്. അതിനാൽ ആത്മാർത്ഥമായ അർപ്പണബോധത്തോടെയും ദീർഘ വീക്ഷണത്തോടെയും വികേന്ദ്രീകൃതമായ മാലിന്യ സംസ്ക്കരണ രീതിയാണ് അധികാരികൾ അവലംബിക്കേണ്ടത്. അതിനു പുറമെ സ്വന്തം വീട്ടിലെ മാലിന്യങ്ങൾ വലിച്ചെറിയാതെ അവരവരുടെ വളപ്പിൽ തന്നെ ശാസ്ത്രീയമായി സംസ്ക്കരിക്കാനും ഫ്ളാറ്റുകളിലെ മാലിന്യം ഫ്ളാറ്റുകളുടെ കോമ്പൗണ്ടിൽ സംസ്ക്കരിക്കാനുമുള്ള അത്യധികം വികേന്ദ്രീകൃതമായി രീതി അവലംബിച്ചാൽ ഒരു പ്രത്യേക സ്ഥലത്ത് എത്തുന്ന മാലിന്യത്തിന്റെ അളവ് നന്നെ കുറയും. ഇതിനു പുറമെ പ്ലാസ്റ്റിക്കും മറ്റു മാലിന്യവും വലിച്ചെറിഞ്ഞ് നമ്മുടെ പ്രകൃതിയുടെ മരണവും മാറാവ്യാധികളും ചോദിച്ചുവാങ്ങുന്ന തരത്തിലുള്ള വ്യക്തിത്വശീലം മാറ്റി പുതിയൊരു ജീവിതക്രമം കെട്ടിപ്പടുക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കാൻ സർക്കാരും ശ്രമം നടത്തണം. ഇത്തരം കാര്യങ്ങളിലേക്കുള്ള വിരൽചൂണ്ടലായി, പാഠമായി ലാലൂർ സമരചരിത്രം മാറുമെന്നും തങ്ങളുടെ പ്രശ്നം പുതിയ പദ്ധതി വഴി ഏറെക്കുറെ പരിഹാരമാകും എന്നും പ്രത്യാശിക്കാം.

ബന്ധങ്ങൾക്ക്: 9656019523

ലാലൂർ മലിനീകരണ വിരുദ്ധ സമരസമിതി ചെയർമാൻ **ടി കെ വാസു** സംസാരിക്കുന്നു

# "മനുഷ്യാവകാശ സാമൂഹ്യസംഘടനകൾ ഉത്തരവാദിത്വം നിറവേറ്റിയില്ല"

**പത്തിയൂർ പദ്ധതിയുടെ ഭാവി?**

കോർപ്പറേഷനും രാഷ്ട്രീയ നേതൃത്വവും കടുത്ത പ്രതിസന്ധികളാണ് പദ്ധതി നടത്തിപ്പ് കാര്യത്തിൽ സൃഷ്ടിക്കുന്നത്. ഇപ്പോൾ കാർഷിക സർവ്വകലാശാലയും കോർപ്പറേഷനും തമ്മിൽ ഒപ്പിട്ട ധാരണാപത്രം തന്നെ പദ്ധതി അട്ടിമറിക്കാൻ സാധ്യതയുള്ള പഴുതുകൾ കൂട്ടിചേർത്തുകൊണ്ടാണ്. ലാലൂരിലെ ദുരിതപൂർണ്ണമായ അവസ്ഥ ഉൾക്കൊണ്ട് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ ഏറെ താത്പ്പര്യപ്പെട്ട് തുടങ്ങിയ പദ്ധതിയുടെ അവസ്ഥയാണിത്. അത് ഇത്തരത്തിൽ ഇഴഞ്ഞുനീങ്ങുന്നതിൽ ഏറെ നിരാശയുണ്ട്. തങ്ങൾ പറഞ്ഞ തിയ്യതിക്കകം പദ്ധതി പ്രവർത്തിച്ചു തുടങ്ങിയില്ലെങ്കിൽ വീണ്ടും സമരത്തിലേക്ക് ഇറങ്ങേണ്ടി വരും. മറ്റെന്തു വഴി?

**നിരാശാബോധം സമരമുഖത്ത് വന്നുപെട്ടതെന്തേ?**

അത് ഭരണകൂടത്തിന്റെ മാത്രം ഇടപെടൽ മൂലമല്ല. ഉത്തരവാദിത്വം നിറവേറ്റേണ്ട സന്നിഗ്ധഘട്ടത്തിൽ നമ്മൾക്കൊപ്പം തന്നെ നിൽക്കേണ്ടിയിരുന്ന മറ്റു മുന്നേറ്റങ്ങൾ, വ്യക്തികൾ അവസരത്തിനൊത്ത് നിലപാടെടുക്കാത്തതിനാലാണ്.

**വ്യക്തമാക്കാമോ?**

നീണ്ടനാളത്തെ സമരത്തിനൊടുവിൽ മുഖ്യമന്ത്രിയുടെ അനുകൂല സമീപനത്താൽ, ഒത്തുതീർപ്പിനെ തുടർന്നാണ് ലാലൂരിലെ അനിശ്ചിതകാല നിരാഹാരം 115 -ാം ദിവസം നിർത്തിവെച്ചത്. എന്നാൽ ജൂൺ 15ന് തുടങ്ങുമെന്ന് മുഖ്യമന്ത്രി ഉറപ്പ് തന്ന പത്തിയൂർ ഗോപിനാഥിന്റെ പദ്ധതി പ്രസ്തുത തിയതിക്ക് തുട




ങ്ങിയില്ല. ലാലൂർ സമരസമിതിയും സമരസഹായ സമിതിയും ഇതിനെതിരെ നിരന്തരം മേയറെയും മന്ത്രിയേയുമൊക്കെ കണ്ട് സംസാരിച്ചു. സമരം നടത്തുമ്പോഴുള്ളതിനേക്കാൾ കടുത്ത സമ്മർദ്ദത്തിലായ ഘട്ടമായിരുന്നു അപ്പോൾ. സമരം നടക്കുമ്പോൾ അഭിവാദ്യം ചെയ്യാനെത്തിയവരും അല്ലാത്തവരുമായ മനുഷ്യാവകാശ സാമൂഹ്യപ്രവർത്തകർ പിന്നീട് ഒത്തുതീർപ്പ് വ്യവസ്ഥകൾ ഭരണകൂടം ലംഘിച്ചപ്പോൾ നിശബ്ദരായി. സമരമുഖത്ത് കണ്ണിചേർക്കപ്പെട്ടവരും സംഘടനകളും തുടർന്നും അവരുടെ ഉത്തരവാദിത്വം നിറവേറ്റിയില്ല. ഇത് ആരെയും വിമർശിക്കാനായി പറയുന്നതല്ല. ഇത്തരം സമരങ്ങൾക്ക് കരുത്ത് പകരാനും ആരോഗ്യകരമായ വീണ്ടുവിചാരത്തിനും വേണ്ടി പറയുന്നെന്നു മാത്രം. അത്തരത്തിൽ പുറത്തുനിന്ന് തുടർച്ചയായി പിന്തുണ ലഭിക്കാത്ത വിഷയം സമരക്കാർക്ക് മാനസികമായി ക്ഷീണമുണ്ടാക്കിയിട്ടുണ്ട്.

**സി പി എം ഒഴിച്ച് മറ്റെല്ലാ സംഘടനകളും സമരത്തിൽ എത്തിയിരുന്നില്ലേ?**

അതാണ് പറയുന്നത്. അങ്ങിനെ നമ്മോടൊപ്പം നിന്നവർക്കെല്ലാം ഈ പദ്ധതി വിജയിപ്പിക്കാനും അത് അട്ടിമറിക്കാൻ ശ്രമിക്കുമ്പോൾ നേരിടാനും ബാധ്യതയില്ലേ? തങ്ങൾക്കൊപ്പം നിന്ന ഒരു രാഷ്ട്രീയപാർട്ടി പ്രതിനിധി തന്നെ കാർഷിക സർവ്വകലാശാലയിൽ മാലിന്യ സംസ്ക്കരണ കേന്ദ്രം എന്ന പത്തിയൂർ പദ്ധതിയിലെ നിർദേശത്തെ എതിർത്തില്ലേ.

**രാജാജി മാത്യു തോമസ് എം എൽ എ ആണോ?**

രാജാജി സി പി ഐ നേതാവാണ്. ഞങ്ങളുടെ സമരസമിതി കൺവീനർ സി പി ജോസും സി പി ഐയുടെ ഉത്തരവാദിത്വപ്പെട്ട പ്രവർത്തകനാണ്. **എന്നിട്ടും വിശാലമായ വീക്ഷണത്തോടെ കാണേണ്ട പദ്ധതി പ്രവർത്തനത്തെ പെട്ടെന്ന് എതിർക്കാൻ രാജാജി തയ്യാറായത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.** അവരുടെ മന്ത്രി കെ പി രാജേന്ദ്രനും ഉണ്ടായിരുന്നു മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ രണ്ടു തവണ തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിലും. അവിടെ വെച്ചാണ് പദ്ധതിയുടെ നിർദേശം വന്നത്. ഇതിനെല്ലാം പുറമെ ഈ രാജാജി തന്നെയാണ് കേരള നിയമസഭാ പരിസ്ഥിതി കമ്മിറ്റി ചെയർമാനും. **സങ്കുചിതവാദമാണ് രാജാജി ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.** കാർഷിക സർവ്വകലാശാല വളപ്പിലെ മാടക്കത്തറ നിവാസികളെയും ലാലൂരുകാരെയും തമ്മിൽ അടുപ്പിക്കുന്ന നീക്കമാണ് ഇപ്പോൾ രാജാജി ചെയ്തുകൊണ്ടിരിക്കുന്നത്.

**ലാലൂർ മുന്നോട്ടുവെക്കുന്ന സമരസന്ദേശം?**

ലാലൂർ ലാലൂരുകാരുടെ മാത്രം സമരമോ മാലിന്യപ്രശ്നത്തിൽ മാത്രം ഊന്നിയ സമരമോ ആയിരുന്നില്ല. ഇത് നമ്മുടെ പൊതുസമൂഹത്തിന്റെയും ഭരണസംവിധാനത്തിലെ വ്യത്യസ്ത ഏജൻസികളുടെയും പൊള്ളത്തരം തുറന്നുകാട്ടുകയും അതിനെ മാറ്റിതീർക്കാനുള്ള ശബ്ദവുമായി വളർന്നിരിക്കുന്നു. കേരളത്തിൽ രാഷ്ട്രീയ പാർട്ടികൾക്കും ഭരണകൂടത്തിനു പോലും മാലിന്യ സംസ്ക്കരണം സംബന്ധിച്ച വിഷയത്തിൽ പുതിയ അറിവുകളും തിരിച്ചറിവുകളും ഈ സമരം നൽകിയിട്ടുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് അടക്കമുള്ള വ്യത്യസ്ഥ സർക്കാർ ഏജൻസികൾ കൃത്യമായി പ്രവർത്തിക്കുകയാണെങ്കിൽ ലാലൂർ സമരം തന്നെ വേണ്ടിവരുമായിരുന്നില്ല. അത്തരം ഏജൻസികൾ പോലും തങ്ങളുടെ സമരം ഉയർന്നതിനു ശേഷമാണ് ലാലൂരിലെ കുടിവെള്ളത്തിൽ മാലിന്യമുണ്ടെന്നും മറ്റും അറിഞ്ഞത്. എന്നാൽ കോടതി നിയമത്തെ പോലും കാറ്റിൽ പറത്തി പരിസ്ഥിതി നിയമം ലംഘിക്കുമ്പോൾ അതിനെതിരെ നടപടി എടുക്കാൻ ഇത്തരം ഏജൻസികൾ തയ്യാറാകുന്നില്ല. ഇത്തരത്തിലുള്ള ഏജൻസികളുടെ പ്രവർത്തനങ്ങൾ മാറ്റിപ്പണിയണം.

**വെല്ലുവിളി?**

സംസ്ഥാനത്തെ സോളിഡ് വെയിസ്റ്റ് മാനേജ്മെൻറ് നിയമം ശരിയാംവണ്ണമല്ല നടക്കുന്നത്. എന്നാൽ വികേന്ദ്രീകൃതമായ പദ്ധതികൾ നടപ്പാക്കിയും, സ്വന്തം മാലിന്യങ്ങൾ പുറത്തേക്ക് വലിച്ചെറിയരുതെന്നും ഫ്ളാറ്റുകളിലെയും മറ്റും മാലിന്യങ്ങൾ അവരുടെ കോമ്പൗണ്ടിൽ സംസ്ക്കരിക്കണമെന്നുമുള്ള വിശാലമായ അവബോധം സൃഷ്ടിച്ചും ലളിതമായി പരിഹരിക്കാൻ പറ്റാവുന്നതാണ് മാലിന്യപ്രശ്നം. അതാകട്ടെ ഇപ്പോൾ പെരുപ്പിച്ച് വലിയ സാമൂഹ്യപ്രശ്നമായി കോർപ്പറേഷനും മറ്റും മാറ്റുന്നതിനു പിന്നിൽ വലിയ സാമ്പത്തിക ലക്ഷ്യമാണുള്ളത്. അതാത് വർഷം മാലിന്യം സംസ്ക്കരണത്തിനായി കൊടുക്കുന്ന ടെൻഡർ വഴിയും വൻകിട പദ്ധതികൾ നിരന്തരം നടപ്പാക്കിയും ലക്ഷങ്ങൾ പലർക്കും ലാഭമുണ്ടാക്കാനും അഴിമതി നടത്താനും പറ്റുന്നു. ഇത്തരമൊരു പ്രക്രിയ ഇല്ലാതായാലേ നല്ല പദ്ധതികൾ ആത്മാർത്ഥതയോടെ നടപ്പാക്കി മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാനാകൂ.


## കേരളീയം തേടുന്നു

1998 മുതൽ തൃശൂരിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ജാഗ്രതയുടെ കേരളീയം മാധ്യമ- സാമൂഹ്യരംഗത്തുനിന്ന് ജീവനക്കാരെ തേടുന്നു. 1. റിപ്പോർട്ടർ /സബ് എഡിറ്റർ 2. ഡി.ടി.പി. ഓപ്പറേറ്റർ 3. മാർക്കറ്റിങ്ങ് സ്റ്റാഫ്. ബന്ധപ്പെടുക. കേരളീയം, കൊക്കാലെ, തൃശൂർ- 21.

ഫോൺ : 9446576943